**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3645** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബസ് ടെർമിനൽ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബസ് ടെർമിനൽ നടത്തിപ്പ് സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കമ്പനി ഏതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കമ്പനിയുമായി കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സർക്കാരിന്റെ 19/02/2021 തീയതിയിലുള്ള G.O.(Ms) No.8/2021/ TRANS നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് 30 വർഷത്തേക്ക് M/s. അലിഫ് ബിൽഡേഴ്സ്, ഡോർ നം. ടി.പി. 9/543 ടി, കീരാൻ തോടിക കെട്ടിടം, യു.സി ജംഗ്ഷൻ, തിരുമ്പാടി, കോഴിക്കോട് - 673603 എന്ന സ്ഥാപനത്തിന് ലീസ് കരാർ പ്രകാരം വാടകയ്ക്ക് കൊടുക്കുവാൻ തീരുമാനിച്ചു. പ്രസ്തുത കമ്പനി കെ.റ്റി.ഡി.എഫ്.സിയും കെ.എസ്.ആർ.ടി.സിയുമായി ത്രികക്ഷി വാടകക്കരാർ 26/08/2021-ൽ സബ് രജിസ്ട്രാർ, കോഴിക്കോട് മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന റിപ്പോർട്ട് പുറത്തുവന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ കമ്പനി ടെർമിനൽ ഏറ്റെടുക്കുന്നതിന് പുതിയ നിബന്ധനകൾ വെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ലീസ് കരാറുകാർ കെട്ടിടം പരിശോധിച്ച് തിരുത്തൽ നടപടിയ്ക്കുള്ള ഐ.ഐ.ടി പഠനം നടക്കുന്ന വിവരം മനസ്സിലാക്കി തന്നെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാറുകാർ പുതിയ നിബന്ധനകളൊന്നും വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ